(ബി) 2003-04, 2004-05 കാലയളവിൽ പിടിച്ച മറ്റ് പ്രധാന മൽസ്യങ്ങളുടെ കണക്ക് താഴെ കൊടുക്കുന്നു:

	ഇനം	പിടിച്ച മൽസ്യത്തിന്റെ അളവ് (ടണ്ണിൽ)	
		2003-04	2004-05
1.	ശ്രാവ്	3066	3044
2.	ഏട്ട	154	154
3.	നെയ്മത്തി	174464	172754
4.	നെത്തൽ	35869	35312
5.	കളിമീൻ	6021	5916
6.	കലവ	31020	30437
7.	കോര	9056	8992
8.	തലയൻ	18815	18657
9.	പാര	25721	25419
10.	അയല	43551	43017
11.	നെമ്മീൻ	2389	2371
12.	ചൂര	11314	11208
13.	വാള	258	258
14.	ചാളമത്തി	99539	98303
15.	പരവ	3938	3907

(സി) കാര്യമായ കുറവ് വന്നിട്ടില്ല.

മൽസ്യ സംസ്കരണ രംഗത്ത് സ്വദേശി-വിദേശി സംയുക്ത സംരംഭം

102 [2712] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ഡോ. തോമസ് ഐസക്:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസംസ്കരണ രംഗത്ത് സ്വദേശി വിദേശി-സംയുക്ത സംരംഭങ്ങൾ കേരളത്തിൽ നിലവിലുണ്ടോ;

(ബി) സംസ്കരണ രംഗത്തുള്ള വിദേശ സംരംഭങ്ങൾ കേരളത്തിലെ മത്സ്യരംഗത്ത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഫിഷ്ലാൻറിംഗ് സെൻററുകൾ

103 [2713] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫിഷ്ലാൻറിംഗ് സെൻററുകൾ ഉണ്ട്; അവ ഏവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രകൃത്യാ രൂപപ്പെട്ടതും മൽസ്യത്തൊഴിലാളികൾ ഉപയോഗപ്പെടുത്തുന്നതുമായ അംഗീകൃതമല്ലാത്ത ഫിഷ്‌ലാൻറിംഗ് സെൻററുകൾ എവിടെയെല്ലാം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്;

(സി) ഇത്തരം സെൻററുകൾ വിപുലീകരിക്കുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ എന്തെങ്കിലും പദ്ധതിയുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് യന്ത്രവൽകൃത ബോട്ടുകൾക്കുവേണ്ടിയുള്ള 9 എണ്ണവും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള 20 എണ്ണവും കൂടി ആകെ 29 ഫിഷ് ലാൻറിംഗ് സെൻററുകൾ നിർമ്മിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.†

(ബി) പ്രകൃത്യാ രൂപപ്പെട്ടതും, മത്സ്യത്തൊഴിലാളികൾ ഉപയോഗപ്പെടുത്തുന്നതും എന്നാൽ പ്രത്യേക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമായ പ്രധാന ലാൻറിംഗ് സെൻററുകളുടെ ലിസ്റ്റ് അനുബന്ധം-2 ആയി കൊടുക്കുന്നു.†

(സി) ഉണ്ട്.

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിൻെറ ബ്രെക്ക് വാട്ടർ ബലപ്പെടുത്തുന്നതിന് നടപടി

104 [2714] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിൻെറ ബ്രെക്ക് വാട്ടർ തകർന്നേക്കുമെന്ന് ആശങ്ക പ്രകടിപ്പിച്ചുകൊണ്ട് ജൂലായ് 15-ാം തീയതി മലയാള മനോരമ പത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(സി) വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിൻെറ ബ്രെക്ക് വാട്ടർ ബലപ്പെടുത്തുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) സുനാമി തിരമാലകളുടെ ആക്രമണം മൂലം വിഴിഞ്ഞത്തെ പുലിമുട്ടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് കേന്ദ്രസഹായമായി 104 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത പ്രവർത്തിക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടെട്രാപോഡുകൾ വാർത്തിരുന്ന കാസ്റ്റിംഗ് യാർഡ് കോസ്റ്റ് ഗാർഡിന് കൈമാറിയതിനാൽ ഇവ വാർക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുന്നതിന് കോസ്റ്റ് ഗാർഡുമായി ബന്ധപ്പെട്ട് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. കാസ്റ്റിംഗ് ജോലികൾ പൂർത്തീകരിച്ച് കാലവർഷത്തിനുശേഷം പുലിമുട്ടുകളുടെ ബലപ്പെടുത്തൽ ആരംഭിക്കുകയും നിലവിൽ സ്ഥാനഭ്രംശം സംഭവിച്ച ബ്ലോക്കുകൾ യഥാസ്ഥാനത്ത് നിക്ഷേപിക്കുകയും ചെയ്യുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly